# സാഹിത്യവിനോദം

## നാലാം ഭാഗം.

9374
ഉ596

ഉ596

വിദ്വാൻ:
വെള്ളാട്ടൂൽ ഗോവിന്ദമേനോൻ.

# സാഹിത്യവിനോദം

(നാലാംഭാഗം.)

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

SHREE KRISHNA VILASOM GRANDHASALA
9374
9.596

ഗ്രന്ഥകർത്താവു്.

വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ

Senior Lecturer, (Retired.)

Govt. Training Institution, Ramavarmapuram.

(പകർപ്പവകാശം ഗ്രന്ഥകർത്താവിനു്.)

തൃശ്ശിവപേരൂർ വിവേകാനന്ദ പ്രസ്സിൽ അച്ചടിച്ചതു്.

Copies 500. 1126 / 1951 വില 0—12—0.

ഗ്രന്ഥകർത്താവിൻെറ കൈപ്പടയാളമില്ലാത്തപ്രതി വ്യാജനിർമ്മിതമായിരിക്കും.

# സമർപ്പണം.

ഭഗവതീഭക്തനും അരോഗദൃഢഗാത്രനും
ആയിരുന്നുവെങ്കിലും അപ്രതീക്ഷിതമായി അകാല
മരണം പ്രാപിച്ച എൻെറ അഗ്രജൻ 'കൊച്ചുമ്മണി'
എന്നു് സ്നിഗ്ദ്ധജനങ്ങളാൽ വിളിക്കപ്പെട്ടുവന്നിരുന്ന
**വെള്ളായ്ക്കൽ പ്ലാവുവളപ്പിൽ കൃഷ്ണമേനോൻ**
അവർകളുടെ പാവനസ്മരണയ്ക്കു് ഈ ഗ്രന്ഥം അദ്ദേഹ
ത്തിൻെറ തൃപ്പാദകമലങ്ങളിൽ സാദരം
സമർപ്പിച്ചുകൊള്ളുന്നു.

# വിഷയവിവരം.


| | | |
|---|---|---|
| 1. | പ്രസ്താവന ... ... ... | |
| | TESTIMONIALS by Messrs I. N. Menon & Dr. C. C. Mathew. | |
| 2. | വിദ്യാരംഭം ... ... ... | 1 |
| 3. | ഒരു വർഷാന്നിശ ... ... ... | 3 |
| 4. | ചന്ദ്രൻ ... ... ... | 4 |
| 5. | ഗ്രാമജീവിതം ... ... ... | 7 |
| 6. | കാർമേഘം ... ... ... | 11 |
| 7. | മുരുക്കിൻപൂവു ... ... ... | 13 |
| 8. | എൻെറ വഞ്ചി ... ... ... | 14 |
| 9. | പ്രഭാതപ്രണാമം ... ... ... | 15 |
| 10. | ലീല ... ... ... | 18 |
| 11. | ഒരു വിലാപം ... ... ... | 22 |
| 12. | ഐക്യകേരളഗാനം ... ... ... | 28 |
| 13. | അജിതൻ ... ... ... | 34 |
| 14. | ഏകാന്തചിന്തകൾ ... ... ... | 36 |

# പ്രസ്താവന.

സാഹിത്യവിനോദം നാലാംഭാഗത്തിൻെറ അച്ചടി കുറച്ചു ധൃതിയിൽ വേണ്ടിവന്നു. സാഹിത്യസമാരാധകനായ ഒരാളെക്കൊണ്ട് ഒരവതാരിക എഴുതിച്ച് ചേക്കുവാൻ സാധിച്ചില്ല. എന്നാൽ ഞാൻ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുപോന്നതിനുശേഷം എൻെറ അധികൃതന്മാക്ക് എന്നെക്കുറിച്ചുള്ള അഭിപ്രായം ആരായുകയും തൽഫലമായി അവരുടെ അഭിപ്രായഗതി എനിക്കു രേഖപ്പെടുത്തിത്തരികയും ചെയ്തിട്ടുണ്ട്. ഉദ്യോഗത്തിൽ ഇരുന്നിരുന്ന കാലത്ത് അധികൃതന്മാരുടെ അഭിപ്രായത്തേക്കാറം അദ്ധ്യേതാക്കളുടെ അഭിപ്രായമാണ് ഞാൻ അധികം അന്വേഷിക്കാറ്. അവകാശങ്ങറം അവഗണിക്കപ്പെട്ട് ആകുലമാനസനായിരിക്കുമ്പോഴും അദ്ധ്യേതാക്കറംക്ക് ആശാഭംഗത്തിനോ അതൃപ്തിക്കോ അവസരം വരുത്തിയിട്ടില്ലെന്നുള്ളതിന് അവർതന്നെ സാക്ഷ്യംവഹിച്ചുകൊള്ളും.

ഹൈൗണീഗീൎവ്വാണീത്യാദിഭാഷാവിചക്ഷണനും സൽസാഹിത്യത്തെ സമാരാധിക്കുന്നതിൽ സവ്വഥാ സമുത്സുകനും സഹൃദയാഗ്രേസരനും ആയ വിദ്യാഭ്യാസഡയറക്ടർ, ശ്രീ. ഐ. എൻ. മേനോനും, സാമാന്യജനങ്ങളുടെ സാഹിത്യത്തിൽ സവിശേഷമായ പ്രതിപത്തി പ്രകാശിപ്പിക്കുന്ന പ്രിൻസിപ്പാറം ഡാക്ടർ സി. സി. മാത്യുവും, അവരുടെ അഭിപ്രായങ്ങളിൽ എൻെറയും എൻെറ സാഹിത്യപരിശ്രമങ്ങളേയും കുറിച്ച് കുറച്ചൊക്കെ പ്രസ്താവിച്ചിട്ടുള്ളതു്, അവതാരികയുടെ അഭാവത്താൽ ഉണ്ടാകാവുന്ന പോരായ്മയെ പരിഹരിക്കാൻ ഏറെക്കുറെ പര്യാപ്തമാകുമെന്നു വിശ്വസിക്കുന്നു. അതുകൊണ്ട് അവയോടുകൂടിയാണ് ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതു്.

തൃശ്ശിവപേരൂർ,
26-3-1951.

എന്നു ഗ്രന്ഥകർത്താവ്.

## TESTIMONIALS

### IN FAVOUR OF MR. V. GOVINDA MENON, RETIRED SENIOR LECTURER IN MALAYALAM, G. T. I., RAMAVARMAPURAM.

Rao Sahib I. N. MENON,
M. A. B. Litt. (Oxon)
Director of Public Instruction.

I have very great pleasure in recording my great appreciation of Mr. V. Govinda Menon's services to the cause of education in Cochin. A man of wide and varied reading and great culture, Mr. Govinda Menon served the department of Public Instruction in various capacities for a period of over thirty years.

I have been in intimate contact with his work for nearly nineteen years and I can confidently testify to its excellence. Mr. Govinda Menon is a born teacher with great literary talent and he has shown a remarkable turn for original research. He is a scholar in Malayalam and Sanscrit, and his contributions to the world of literary composition in Malayalam are of lasting value. Although he has officially retired from service, he is still young in body and mind and is fit for work for many more years to come.

With the increase in the number of collegiate institutions in Kerala, the need of men of Mr. Govinda Menon's scholarship and teaching capacity must be in great demand, and I have great pleasure in commending his name to any institution which stands in need of the services of a ripe scholar and talented teacher.

Office of the Director of Public Instruction, Trichur. 30th July 1949.

(Sd.)
DIRECTOR.

(True Copy)

Dr. C. C. MATHEW, M. A. Ph D (Columbia)
Principal, Govt. Training Institution.
Secretary, Board for Public Examinations.
Secretary, Cochin Text Book Committee.

TRICHUR.
(Cochin State)
1st August 1949.

I have great pleasure in stating that Mr. V. Govinda Menon has been one of the most efficient teachers, who had worked under me. I have been struck with the deep scholarship sound knowledge and balanced views with which he was endowed. I consider his retirement a real loss to the institution and the void cannot be easily filled up. He can legitimately be proud of the splendid results he produced in the Public Examinations.

As a thinker and writer his position is really enviable and I am sure, even in his days of retirement, he will be active in his contribution to the Malayalam literature, the development of which is nearest to his heart.

I wish him all success and a period of further activity.

(Sd.) C. C. MATHEW

(True Copy)

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# സാഹിത്യവിനോദം

(നാലാംഭാഗം.)

93?4

## 1. വിദ്യാരംഭം.

(കാകളി)

ഇന്നു വിദ്യാരംഭമാണെൻെറ കുഞ്ഞിവൻ
തന്നെയെഴുത്തിനു വെയ്ക്കേണമാദരാൽ
എന്നൊരുക്കങ്ങൾ തുടങ്ങിനാളെൻപ്രിയ
'നന്നുനന്നെ'ന്നു കൊണ്ടാടിനേൻ ഞാനുമേ.

നല്ല മലരുമവിലും പഴങ്ങളു-
മെല്ലാമിലയിൽ നിറച്ചുകണ്ടീടവേ,
ചെന്തളിർപ്പട്ടിൽ നിരത്തിനാൻ വാരൊളി-
ചിന്തിന തുമ്പമൊട്ടുകൾ കൂട്ടിയും.
വെക്കമെൻബാലകൻതൻ മൃദുപേശല-
നാക്കിൽ 'ഹരിശ്രീ' കുറിക്കയും ചെയ്തുതേ.
നന്നു വിദ്യാരംഭമിങ്ങിനെയാണെങ്കി-
ലെന്നുമിതുവേണമെന്നാനവൻ രസാൽ.
കൈതവമൂലംക്കൊണ്ട സംസാരലീലക-
ളേതുമറിയാത്തൊരെൻെറ പുണ്യാങ്കുരം,
സുവ്യക്തമല്ലെന്നിരിക്കിലു,മുല്ലസ-
ന്നിർവ്യാജസുന്ദരസംസാരലീലകൾ

നില്ത്താതെ മേന്മേൽ തുടന്നാൻ തെരുതെരെ
ചില്ത്താതലിൻ കൃപതന്നിൽ ഞാൻ മുങ്ങവേ.

എന്തിനു വേണ്ടി നീയെന്തൊരു വിദ്യയോ
ഹന്ത! പഠിക്കാൻ തുടങ്ങുന്നു പൈതലേ!
ശ്രീയണിവെൺകടലാസ്സുകൾ തുണ്ടാക്കി-
യായതിൽ കാർമഷികൊണ്ടു കുറിച്ചവ
ഇന്നിന്ന ശബ്ദങ്ങളാകുന്നു, ചേർക്കുകി-
ലൊന്നിച്ചിവണ്ണം കഥിക്കേണമെന്നതോ?
മേത്തരമുദ്യോഗമൊന്നു നേടാൻ സാക്ഷി-
പത്രത്തെയാശു കരസ്ഥമാക്കുന്നതോ?
പേരിനു പിമ്പിലായ് മൂന്നാലു വർണ്ണങ്ങൾ
പേരിനു ചേർക്കുവാൻ സാധിച്ചിടുന്നതോ?

വാസ്തവവിദ്യകളത്രയും പാശ്ചാത്യ-
വാത്യയാൽ പാറിപ്പറന്നുപൊയ്പ്പോയിതോ!
പഞ്ഞിപോലത്ര ലഘുവല്ല, സൌഭ്രാത്ര-
മഞ്ജുശാന്തോദാരപൌരസ്ത്യവിദ്യകൾ.
അന്യസുഖത്തിനായ് തീരുകിൽ ജീവിതം
ധന്യമെന്നിങ്ങിനെ പാടും പറവയിൽ,
മദ്ധ്യാഹ്നമാർത്താണ്ഡഘോരകരങ്ങളാ-
ലദ്യാപി തപ്തരാകാത്ത തരുക്കളിൽ,
തട്ടും ചവിട്ടുമെരികനൽമാരിയും
മുട്ടെസ്സഹിച്ചീടുമിങ്ങുള്ള കല്ലിലും,
കൊയ്ത്തും മെതിയും പുഴങ്ങിവരക്കലും
കുത്തും പൊറുക്കുന്ന സസ്യവർഗ്ഗത്തിലും
എന്തിനോരോ പരമാണുക്കൾതന്നിലും
സന്തതം പൌരസ്ത്യതത്വങ്ങൾ കാൺമു നാം.

പല്ലിളിച്ചാൎത്തട്ടത്തീടും മതങ്ങളൊ–
നുല്ലസൽപുഞ്ചിരിപൂണ്ടു പുല്കീടുമോ?
ഗൌരവവുമധികാരങ്ങളും ജീവ–
കാരുണ്യമാം മധു ചേൎത്തു കുഴയ്ക്കുമോ?
മൎത്ത്യധൎമ്മങ്ങളെ മൂടുന്ന വാൎണ്ണീഷു
ചേൎത്തുമീനാട്ടിലിറക്കാതിരിക്കുമോ?
പൊൻവെള്ളികൾകൊണ്ടു മാത്രമല്ലാതെയ–
സ്സൻമനസ്സാലുമളക്കുമൊ മാന്യത?
അത്തരമുള്ളൊരു വിദ്യ പഠിക്കുവാൻ
സത്യസ്വരൂപിൻ! കനിയുകെൻ ബാലനിൽ.

# 2. ഒരു വൎഷാനിശ.

(അന്നനട)

നിരന്തരം പെയ്യും പെരുമാരികൊണ്ടു
നിരൎത്ഥശബ്ദങ്ങൾ പുലമ്പിയുച്ചത്തിൽ
തരുകുലങ്ങളും തലകുനിയ്ക്കുമാ–
റരുജാല്യമവയ്ക്കുയൎത്തിയങ്ങിനെ
നിശയിതു സ്വയം നശിച്ചുകൊൾവാൻ താ–
നശാന്തമൂൎത്തിയായ് പിശാചുപോൽ കാൺമൂ.

നിറം തകും താരനിരയാം ഹാരവു–
മരിയൊരമ്പിളിക്കുറികളുമൊക്കെ
വലിച്ചെറിഞ്ഞിരുൾച്ചളിയും പൂശി നീ–
യുലകിടമാകെ വിറച്ചിടുംവിധം
ഒരു വസ്തു ബോധമൊരാൾക്കുമുണ്ടാകാ–
ത്തരത്തിലപ്പടിയടക്കിവാഴുന്നു.

കമനീയവൃത്തൻ കലേശനാം നിന്റെ
കണവനെദ്ദൂരെക്കളഞ്ഞതു പോട്ടെ
തിളങ്ങിടുമുഡുകുലങ്ങളായുള്ളോ–
രിളംകിടാങ്ങൾതന്നൊളികളഞ്ഞതല്ലോ!
കൃശേതരകാന്തിയശേഷം പോകിലു–
മശേഷം നിന്നുടെയധീനത്തിലാകാൻ
നിശേ! നിനച്ചു നീ തുടരുന്നു സ്വയം
നശിക്കുവാ,നിതിൽ തടയുവാനെവൻ?

## 3. ചന്ദ്രൻ.

1 അന്നാൾ തെളിഞ്ഞ മൃദുശീതളവെണ്ണിലാവു
ചിന്നിച്ചരിച്ചു ഗഗനാധ്വനി പൂർണ്ണചന്ദ്രൻ
ലോകത്തിലുള്ള പല സംഭവവും മുറയ്ക്കു
താൻ കണ്ടറിഞ്ഞിടണമെന്നു നിനച്ചവണ്ണം.

2 വെൺകാറിനങ്ങളുമിടയ്ക്കു കൊടും കരിങ്കാർ
സംഘങ്ങളും പെരിയ ഭീകരരൂപമേന്തി
അല്പപ്രഭങ്ങളുഡുപംക്തിയെയാക്രമിപ്പ–
തീക്ഷിച്ചതിൻ പ്രതിവിധിക്കമൃതാംശു മിന്നി.

3 കുന്നത്തു നില്പൊരു സമുന്നതഭൂരുഹത്തി–
ന്നെന്നുള്ളപോലെയൊരു കുപ്പയിലെച്ചെടിക്കും
മന്ദസ്മിതത്തൊടണിവെള്ളി കരങ്ങൾകൊണ്ടു
ചിന്നിക്കൊടുത്തു ശശി, പാരഖിലം കുളിർത്തു.

4 ആരെത്രതന്നെയൊളിവീശുകിലും കടക്കി-
ല്ലത്രയ്ക്കഗാധതയു,മുഗ്രതയുള്ളിരുട്ടും
ആളുന്നൊരഗ്ഗുഹകൾതൻെറ ഭയങ്കരത്വ-
മാററുന്നതിന്നു വഴിയോർത്തു വിളങ്ങി സോമൻ.

5 കാൽകുത്തുവാൻ മടി മനുഷ്യനുയർത്തുമാറു
കാടായ് കിടന്നു ഫലശൂന്യതയാർന്നജസ്രം
പാഴായ ദിക്കുകളിലും സമചിത്തനിന്ദു
പാൽവെൺകുളിർക്കതിർ ചൊരിഞ്ഞൊളിചേർത്തിടുന്നു.

6 പൂർവ്വപ്രദേശമലയിങ്കലൊളിച്ചുനിന്നു
പാശ്ചാത്യദിക്കുകളിലേക്കു തുറിച്ചുനോക്കും;
സ്വൈരം പ്രതീചിയണകിൽ സ്വയമക്കിഴക്കൻ-
ദിക്കിങ്കലാണു മിഴി ചന്ദ്രനതന്ദ്രശോഭം.

J.596

7 കണ്ടില്ലയെന്നു കരുതുന്നതു കർമ്മസാക്ഷി-
യാകും തനിക്കുചിതമല്ലിതി ചിന്തയേന്തി
കാണുന്നതിന്നു കരൾവെച്ചു കളങ്കവേഷം
കൈക്കൊണ്ടിതാ മതി ചരിപ്പതു മാനമോടെ.

8 കാണാം ചിലേടമൊളിയാളിന വെള്ളവസ്ത്രം
ചുററി സ്വയം ചലനമററരുളുന്നൊരാളെ
ഘോരൻ പിശാചിനുടെയാകൃതി മറെറാരേട-
മേവം നിലാവിൽ നിഴൽ തസ്കരഭീതിചേർത്തു.

9 തന്നോടു നേരിടുവതിന്നു കരുത്തൊരാൾക്കു-
മില്ലെന്നു കാററൊടിടയും വലുതായ വൃക്ഷം
ശീർഷം കുലുക്കെ,യുളവാം പഴുതിങ്കലൂടേ
കാൺമൂ സുധാകരനധഃസ്ഥതൃണങ്ങളേയും.

10 പൂർവ്വാധികപ്രഭ പുലർന്നു പുറത്തു വന്നു
പൂർണ്ണപ്രശസ്തി വളരാനിടയിൽ പെടുമ്പോൾ
തൻപാട്ടിലാമമൃതദീധിതിയെന്നു മിഥ്യാ
ഗർവ്വം നടിച്ചു ഞെളിയുന്നു മുകിൽക്കുലങ്ങൾ.

11 നല്ലാമ്പലിന്നുടയ സങ്കുചിതത്വമീക്ഷി-
ച്ചുല്ലാസമോടു പതിയൊത്തനുതാപമെന്ന്യേ
മേളിച്ചു പങ്കജകുലത്തിനു,മായവസ്ഥ
കോലുന്നു, കർമ്മഫലദായകനീ മൃഗാങ്കൻ.

12 കിട്ടീല ഭക്ഷണമിതേവരെയെന്നു വല്ലാ-
തല്ലൽപ്പെടുന്നൊരു ചകോരകുലത്തിനെല്ലാം
സംതൃപ്തമായശനമേകിടുവാൻ കരങ്ങൾ
നീട്ടുന്നതുണ്ടു കുളുർതിങ്കളുദാരശീലൻ.

13 പങ്ങിപ്പതുങ്ങി തരുപംക്തികൾതന്നിടയ്ക്കു
പാറുന്നിരുട്ടിനെയശേഷവുമോഷധീശൻ
കാടേറ്റിടുംപടി കൊടുംകരവാൾ ചുഴറ്റി-
ക്കാട്ടുന്നതുണ്ടു സുമനസ്സുഖദൻ നിതാന്തം.

14 സദ്‌വൃത്തനായ് കമലതൻ സഹജാതനായി
സ്സർവ്വജ്ഞനും ശിരസി തൻ കലഭൂഷയാക്കി
രാജാവിവൻ നിഖിലലോകസുഖപ്രദായി
ഗോശ്രീവിലാസമുളവാക്കി ജയിച്ചിടുന്നു.

# 4. ഗ്രാമജീവിതം.

9374

(മഞ്ജരി)

വാർതേനലേററലഞ്ഞീടുന്ന സൽഫല-
വ്രാതം നിറഞ്ഞുള്ള വൃക്ഷങ്ങളാൽ
മിക്കവാറും മറവാണ്ടൊരു നൽക്കൊച്ചു-
വൈക്കോൽപ്പുരയിതാ കാണാകുന്നു.
ഭൂവിന്നുണർവും കുളിർമയുമേകിടു-
മീവിഭാതത്തിലിക്കൊച്ചുഗേഹം
സർവ്വസമ്രാട്ടിന്റെ കൊട്ടാരത്തേക്കാളും
സൌഭഗശ്രീകലർന്നുല്ലസിപ്പൂ.
സാധുസഹൃദയക്കാഹ്ലാദം നല്കുന്നി
സാധനത്താലിതു തീർത്തു നൂനം
സർവ്വദാ ജീവിതസൌഖ്യമാം ദാസിതൻ
നിർവ്വിഘ്നശുശ്രൂഷയേററു മേന്മേൽ
ബാധയൊഴിഞ്ഞു സമാധാനലക്ഷ്മിയാ-
ളാദരവോടിതിൽ പാർപ്പുണ്ടാവാം.
ആ ദേവി തന്നുടെയാദേശവാർത്തകരാം
പാദപപംക്തിയാം പാറാവുകാർ
കൊമ്പായ തോക്കുകൾ തോളിൽ വഹിച്ചെത്തും
കമ്പം കലരാതത്യുന്നതന്മാർ
പത്രങ്ങളായുള്ള പച്ചക്കുപ്പായമി-
ട്ടത്ര നില്ക്കുന്നിതു നാലുപാടും
പാൽക്കടൽമാതിന്റെ പൊൽപ്പുതുപ്പുഞ്ചിരി-
പ്പാൽക്കതിർ നിത്യവുമേല്ക്കയാലേ
ഇപ്പുരതൻ ചുമർ നൽത്തെളിവെണ്മ പൂ-
ണ്ടല്പേതരാഭം വിളങ്ങീടുന്നു.

GRANDHASALA ... ERUM ... KIL

ലോകവിലോചനനീയാലയം സമാ-
ലോകനം ചെയ്യുവാനായിട്ടല്ലി?
ആകാശദേശത്തുയന്നീ മരങ്ങളാന്ത-
ന്നാകമ്രപത്രപ്പഴുതിലൂടേ
നോക്കുന്നു മേല്ക്കുമേൽ; നല്ലവണ്ണം കാണ്മാൻ
ചിക്കെന്നു പൊക്കത്തിൽ കേറീടുന്നു.
അല്ലെങ്കി,ലീവണ്ണമുള്ളൊരു ദിക്കുക-
ളല്ലയോ സൂര്യാലോകനാർഹങ്ങൾ.
പാരാകെഗ്ഗോമയമാകുന്നതിൻമുമ്പെ
പാരാതീവീട്ടിന്നകമെങ്ങുമെ
ഗോമയമേററ വിശുദ്ധമായിത്തീന്നു
വാമമാരുടെ കരങ്ങളാലേ.
പാലാഴിപ്പെൺകൊടിക്കൺകോണേറാലേറെ-
നീലച്ചകാർവണ്ണൻ തൻമെയ്പോലെ
നൽകരിക്കട്ടി മെഴുകുകയാൽ നില-
മുൽക്കടശ്രീചേന്നു ലാലസിപ്പൂ.
പിച്ചകം, മുല്ല മുതലാംലതികകൾ
മെച്ചത്തിൽചൂഴും നൽക്കൽത്തറമേൽ
മുററിത്തഴച്ച തുളസിയാൽ തൂമണി
മുററമിതെത്ര നേത്രാഭിരാമം!
'രാമ, രാമ, ശിവരാമേതിസർവ്വേശ-
നാമങ്ങളസ്പഷ്ടവാക്കുകളാൽ
ചൊല്ലിയും കൊണ്ടൊരു വൃദ്ധവരാംഗിയാൾ
നല്ലൊരു പിച്ചളമോന്തയേന്തി
വന്നിതാ തണ്ണീരതിൻകടയ്ക്കൽ പക-
ൎന്നിദ്ദ്രുഭക്ത്യാകരംകൂപ്പുന്നു.

SRI M. K. VASUDEVAN NAIR
...DU
M. LAYINKIL

തൈക്കുളിർകാററിങ്കൽ ചഞ്ചാട്ടമിച്ചെടി-
യിക്കൊച്ചുഗേഹത്തിൻ നാലുപാടും
വാസ്സും പരിമളം വീശിപ്പരിശുദ്ധ-
മാക്കുന്നു, നല്ല കൃതജ്ഞനിവൻ.

‘മുത്തശ്ശിത്തത്താവിനല്ലാതെ മുല്ലയ്ക്കു
നിത്യവും വെള്ളമൊഴിക്കാറില്ല’
മന്ദസ്മിതപ്പൂത്തുപ്പൈപ്പെന്നവാൽ നീളെത്തൂകി
മഞ്ജുളമാംവിധമേവമോതി

മന്ദമണഞ്ഞൊരു പെണ്മണിമൺകുട-
മൊന്നേന്തിയപ്പൂലതകൾക്കെല്ലാം
ധാരാളം വെള്ളമൊഴിക്കുന്നു, പൂക്കളാൽ
സ്മേരാസ്യയായവ നിൽപൂ ഭംഗ്യാ.

കൈനഖപ്പാടേല്ക്കാത്തുള്ള പൂമ്പല്ലവം
ഘ്രാണിക്കാത്തുള്ളൊരു പൊൽക്കുസുമം
മേല്ക്കുമേൽവാച്ചതഴച്ചുതളിക്കാനും
പൂക്കാനും വെള്ളമിവയ്ക്കേകുന്നു.

പാതിവളർന്നകുളിർമുലകോലുമ-
പ്പൂതാംഗിയായുള്ളപെൺകൊടിയാൾ
നാളെവിടരുവാനുള്ളപൊൻപൂങ്കുല-
യാളുമീവല്ലിപോലുല്ലസിപ്പൂ.

സ്വൈരമുഷഃകാലഗന്ധവാഹൻകര-
ത്താരാൽ തലോടുമാമുല്ലവല്ലി
‘ആടുംതലകൊണ്ടു പോരും ജല’മെന്നു
പേടമാൻ കണ്ണിയോടോതിടുന്നു.

കാററിന്റെ സംസ്പർശമേല്ക്കുമാവല്ലരി-
യേററം നതശീർഷയായിത്താനേ

തൂമഞ്ഞിൻതുള്ളികൾ ചാർത്തിയ മഞ്ജരീ-
സ്തോമത്തെപ്പല്ലവച്ഛാത്തിനാലേ
മൂടിയതായ് കാൺകെ, യെന്തോന്നോ സംസ്മരി-
ച്ചോടിമറഞ്ഞോരാളപ്പെൺതയ്യലാൾ.

സുപ്രസന്നാസ്യയായെപ്പോഴുംമേവിടു-
മിപ്പുരത്തിന്നിലെ പൊൽപ്പൂമകൾ
വെൺകളിതേച്ച ചുമരിൻെറ ചാരവേ
പെൺകൊടിയാളവളുള്ളിൽപ്പോകെ,
'ചേച്ചി ചുമരിന്മേൽ മുട്ടിയാലമ്മമ്മ
വാച്ചകോപംപൂണ്ടു തല്ലുമേവം
അവ്യക്തവാങ്മധുമേന്മേലുതിർത്തൊരു
ഭവ്യനാം പൈതലുണ്ടങ്ങുനില്പൂ,
ലീലാരസികനാം കുഞ്ഞേ! നീ നിൻവീട്ടിൽ-
ച്ചേലാളുമങ്കണത്തിങ്കലെങ്ങും
മെയ്മിന്നലാഭവേളത്തുമ്പൊളാടലാം
താമസബാധയിങ്ങാർക്കുണ്ടാകും?

മക്കളെപ്പോലെ വളത്തും തരുലതാ-
വർഗ്ഗത്തെ സൂക്ഷിച്ചു വീക്ഷിച്ചെങ്ങും
കേടില്ലാതുള്ള വളച്ചയാൽ സന്തോഷ-
ത്തോടിങ്ങു തോട്ടത്തിൽനിന്നുമന്ദം

കുട്ടനെക്കാൺകയാൽ താനേ മുൻനീളുന്ന
കട്ടിക്കരദണ്ഡത്തോടുകൂടി
വന്നണഞ്ഞീടുന്നിതാവീട്ടിൻ നായകൻ
ധന്യന്മാരിൽവെച്ചുമേറെ ധന്യൻ!

# 5. കാർമേഘം.

1 കരങ്ങളാലീയുലകാകമാനം
പരംതപിപ്പിച്ച രവിപ്രതാപം
മറച്ച മാനത്തിലുയർന്നിടുന്നു-
ണ്ടുറച്ചധൈര്യത്തൊടുകൃഷ്ണമേഘം.

2 സൂരൻസ്വയംരശ്മികളായ നൂലാൽ
പകിട്ടിൽനിർമ്മിച്ചെഴുമംബരത്തെ
വെടിഞ്ഞുനീലാംബരമാർന്നുലോകോൽ-
ക്കർഷത്തിനായ് മേഘമുയർന്നിടുന്നു.

3 ലാവണ്യപാഥോനിധിയിങ്കൽനിന്നും
ചണ്ഡാംശുലോകേക്ഷണഭാവമേന്തി
കരങ്ങളാൽ കൈവശമാക്കിയുള്ളോ-
രജ്ജീവനം നേടിവരുന്നുമേഘം.

4 കാർകൊണ്ടലേ! ഹന്ത! ഭവാനിൽനിന്നി-
ങ്ങിടയ്ക്കുകാണുന്നതടിൽപ്രകാശം
താപംവളർക്കും തപനന്റെ കണ്ണാ-
തലത്തിലേക്കോങ്ങിയ ഖഡ്ഗമാമോ?

5 അല്ലല്ല, തീക്ഷ്ണാംശുകരപ്രതാപം
കുറെക്കുറയ്ക്കാൻ കഴിയുന്നതായാൽ
ക്ഷേമംനമുക്കിങ്ങിനെയെന്നുപൊന്നു-
ചിന്നിസ്ഫുടംകാട്ടുകയായിരിക്കാം.

6 സദാസഹസ്രാംശു പദച്ചവാട്ടിൽ
താപാർത്തമാമീ യുലകത്തെനോക്കി
തദ്രക്ഷയോർത്തൊരുമിച്ചനമ്മാം
യത്നിക്കയെന്നാം ഭവദ്ഗർജ്ജനാദം.

7 ഏങ്ങോ മഹാത്മൻ! ഗതികൊൾവു, തപ്ത-
ജനങ്ങളിങ്ങുന്മുഖരായിനില്ക്കെ,
ശാന്തൻ ഭവാൻ കാൎയ്യഗുണത്തിനായി-
ഗ്ഗിരീശസേവാൎത്ഥം ഗമിക്കയാവാം.

8 നീലാഭമാം വിഷ്ണുപദംപടിച്ചും
ഗിരീശസേവാരതനായുമേററം
നിനച്ചകാൎയ്യം നിറവേററുവാനാ-
യുറച്ചുമുന്നോട്ടുഭവാൻഗമിപ്പൂ.

9 ലോകോപകാരവ്രതനിഷ്ഠകണ്ടു
വാനോർസുധൎമ്മാധിപതിത്വമേകി
ത്തുമഞ്ജുമാല്യം മഴവില്ലിനാലേ
ഭവാന്റെ കണ്ഠത്തിലണിഞ്ഞിടുന്നു.

10 സംസംഘലമഭോധരമേ! പ്രതീചി-
പ്രഭഞ്ജനൻ തേ തടവേകിയാലും
സ്വതന്ത്രസഞ്ചാരിഭവാൻ പൊഴിപ്പൂ
പളുങ്കൊളിപ്പൂങ്കുളിരംബുബിന്ദു.

11 പുളച്ചുപായുന്നു നദങ്ങൾ, വാടി
വരണ്ടസസ്യങ്ങൾ തഴച്ചിടുന്നു
ധരിത്രിപച്ചത്തുകിൽ ചാൎത്തിടുന്നു
ഭവൽപ്രസാദാൽ തെളിയുന്നുലോകം.

12 സന്തപ്തസല്ലോകവിശിഷ്ടബന്ധോ!
സമ്പൂൎണ്ണകാരുണ്യ തസൈകസിന്ധോ!
ജയിക്കശുദ്ധാമൃതസാരധാരിൻ!
ജയിക്കസൎവ്വപ്രതിബന്ധഹാരിൻ!

# 6. മുരുക്കിൻപൂവ്.

(കാകളി)

കാലജ്ഞനീശ്വരൻ തൻകൃപാവൈഭവാൽ
ചേലിയുയന്ന മുരുക്കിൻ തലപ്പിലായ്
ചോരത്തുടുപ്പൊളിക്കാന്തി ചിന്തിസ്വയം
സ്വൈരംതെളിഞ്ഞു ലസിക്കുംപ്രസൂനമേ!
നീനിലവിട്ടു മദിപ്പതെന്തിന്നു? നിൻ
മേനിപ്പകിട്ടിൽ ഭ്രമിപ്പതിന്നാരുവാൻ?
ഉണ്ടായ്വരാം ചില ചിത്രശലഭങ്ങൾ
കൊണ്ടാടുവാൻതവ മേന്മയെസ്സാദരം
മാനസപ്പൊയ്കയിൽ ചെന്താർമധുവുണ്ടു
മാനമായ് വാണിടും രാജഹംസങ്ങളോ,
മാകന്ദമാധ്വീരസമശിക്കുംമൃദു-
കാകളീനിർഗ്ഗളൽ കോകിലവർഗ്ഗമോ.
നിൻപുറംപൂച്ചിലും മേനിപ്പകിട്ടിലും
കമ്പമാർന്നേതും സമീപിപ്പതില്ലതേ
തങ്ങൾതൻജന്മം മലീമസമാക്കുമോ
പൊങ്ങച്ചമുള്ളവരോടടുത്തുത്തമർ?
എന്നല്ല, കേവലം നിർഗ്ഗന്ധമാംസുമ-
വൃന്ദത്തൊടേല്ക്കുമോ സംഗമംസത്തമർ?
പോരെങ്കിൽ വൻകണ്ടകാകീർണ്ണമല്ലയോ
ഭൂരുഹം താവകാധാരം ഭയങ്കരം?
നന്നല്ല പൂവേണിമാർക്കു ചൂടീടുവാൻ
നന്നല്ല ദേവനെപ്പൂജിച്ചുകൊള്ളുവാൻ
നന്നല്ലൊരാൾക്കുമെടുക്കാ, നടുക്കകിൽ
നിന്ദ്യനായ്, മുള്ളാൽ തദംഗം ദളിതമായ്
നാസികയോടൊന്നടുപ്പിക്കുവാനൊരു
വാസനയുമില്ല, കഷ്ടം തവജന്മി!
കേവലം ബാഹ്യപ്പകിട്ടാൽ ജനങ്ങളെ
കൈവശമാക്കിടാമെന്നോതവമതം?
താവകസൃഷ്ടിയിൽ കർത്താവുലോകർക്കു
പാവനമായൊരു പാഠംകൊടുക്കയാം.

# 7. എന്റെ വഞ്ചി.

(മഞ്ജരി)

മുന്നോട്ടോ പിന്നോട്ടോ പോകുവതെൻവഞ്ചി–
യെന്നുള്ളതേതുമറവീലഞാൻ
അർണ്ണവം തന്നുടെ മദ്ധ്യത്തിലാണതു
നിർണ്ണയം; തീരങ്ങൾ കാണ്മീലല്ലോ
പൈതലിൻ കൈയിലെപ്പാവയെപ്പോലെയെൻ–
പോതമിതുല്ലോല കല്ലോലത്തിൽ
അങ്ങോട്ടുമിങ്ങോട്ടു മാടിക്കളിക്കുന്നു
തുംഗഭികൊള്ളുമെന്നുള്ളൊടൊപ്പം.
നാലടിമുന്നോക്കമാകിലോ വൻതിര–
മാലയൊന്നാത്തടിച്ചപ്പൊഴേ താൻ
എട്ടടി പിന്നോക്കമാകുകിലും തീരെ–
വിട്ടുകൊടുപ്പീല തണ്ടേന്തുംഞാൻ
കാററനുകൂലമാകില്ലെങ്കിൽവേണ്ടതു–
മേററമെതിരടിച്ചീടായ്കിലോ
മുന്നോട്ടുതന്നെ മറുകരയോളംതാ–
നെന്നുടെ വഞ്ചി നയിക്കുവൻഞാൻ
തണ്ടുവലിക്കുമെൻ ഗോഷ്ഠികളത്രയും
കണ്ടുകൊണ്ടെന്റെ പുറകകിൽ മേവീ
പുഞ്ചിരികൊള്ളുമമരക്കാരനതു
തഞ്ചത്തിൽ നേർവഴിക്കാക്കണമേ.
തച്ചൈതന്യത്തിൽ പൊടിപ്പുകൾ താനാണി–
ങ്ങിച്ചുയാവാഴ്‌വതീ വഞ്ചിതന്നിൽ
കാരുണ്യവാരിധിയാമമരക്കാരൻ
നേരെയങ്ങെത്തിക്കാനോർക്കുന്നാകിൽ

ഈ വഞ്ചിതുംഗതരംഗങ്ങൾക്കുമേലേ
തൂവെള്ളിക്കുന്നിൻ പൂമേടപോലെ
കാണികൾക്കത്ഭുത കാന്തിവളത്തിത്താൻ
ചേണിയന്നങ്ങു ചരിച്ചുകൊള്ളും.
അല്ലായ്കിൽശാന്തമായുള്ളൊരിടത്തുവെ–
ച്ചെല്ലാമുടഞ്ഞുതകന്നുംപോകാം
അക്കരെപൂകിലുമല്ലെങ്കിലാഴിയിൽ
ചിക്കെന്നലതല്ലിത്താഴുകിലും
അങ്ങുന്നതിനുള്ളിലുണ്ടെന്നിരിക്കിലോ
ഭംഗമതിനെങ്ങു സംഭവിക്കും?

GRANDHASALA
9.596

## 8. പ്രഭാതപ്രണാമം.

1 നവവികസിതപുഷ്പ സഞ്ചയത്തിൻ
വിമലസുഗന്ധമെടുത്തു ചേക്കയാലേ
കുളിരണിമൃദുഗന്ധവാഹനേറെ–
സ്സുരഭിലമാം പനിനീർ തളിപ്പു നീളെ.

2 പറവകൾ പലപാട്ടു പാടിടുന്നു,
ചിറകടികൊണ്ടു തകത്തിടുന്നുമേളം;
സകുതുകമെതിരേല്പതിന്നുകൂട്ടം
ധൃതിയോടു കൂട്ടരുമായ് പറന്നിടുന്നു.

3 തരുനികരവുമൊത്തു മമ്മരത്താൽ
ശ്രുതിമധുരംശുഭവാദ്യമാചരിപ്പു;
ചിലവിടപികൾ നിമ്മലത്തളിപ്പൂ–
ന്തളികയിൽ നൽഫലജാലവുംധരിപ്പു.

4 ഹരിതദലഗണങ്ങൾകൊണ്ടുചേതോ-
ഹരകവചങ്ങളണിഞ്ഞ പാദപങ്ങൾ
പുരുഫലനമിയലുന്ന ശാഖയാംതോ-
ക്കതിദൃഢമേന്തി നിരന്നുനിന്നിടുന്നു.

5 ലളിതലതകൾ മഞ്ഞുതുള്ളിയാലേ
വളരൊളിമുത്തുകൾ മുഗ്ദ്ധമായിണക്കി
സുരഭിലസുമരാജി കാഴ്ചവെച്ചു-
ന്നതിനഴകിൽചെറുചില്ലയിങ്കലേന്തി

6 ചെറുപവനനണഞ്ഞുലഞ്ഞു പൂവിൻ-
നിരകൊഴിയും ചില വല്ലികാഗണങ്ങൾ
സ്ഫുടനടന വിലാസമൊത്തു ലാജാ-
ച്ചനവിധിയും വിധിപോലെ യാചരിപ്പൂ.

7 സുരുചിരസുരനാഥചാപകാന്തി-
സ്ഫുടവരുളും പല തൂവലിൻഗണത്താൽ
സുഭഗതമവപുസ്സൊടൊത്ത പൂങ്കോ-
ഴികളുണവാർന്നിത കാഹളംവിളിപ്പൂ.

8 കമലിനികൾ, സുഗന്ധമുള്ളിലേന്തു-
ന്നൊരുകുളിർമൊട്ടുകളായചെപ്പുശേഷം
ഭ്രമരനികര മാമരക്കനീക്കി
പ്രമദമിയന്നുതുറന്നുവെച്ചിരിപ്പൂ.

9 കുമുദിനികളടഞ്ഞ പൂക്കളാലുൽ-
ക്കടതരഭക്തികലർന്നു കൈകൾകൂപ്പി;
മധുരമധുരസംനുകർന്നവണ്ടിൻ-
വരകുലമുത്തമകീർത്തനങ്ങൾപാടി.

10 ഉഡുനികരമണിക്കിടാങ്ങൾ മേളി-
ച്ചമരുവൊരത്രിദശാദ്ധ്വഭൂവിൽനിന്നും
കതിരവനവരെക്കരങ്ങൾ നീട്ടി
ക്കനിവൊടുനീക്കി; യൊഴിച്ചുമാർഗ്ഗവിഘ്നം.

11 തിമിരമഷിപുരണ്ടിരുണ്ട ദിക്കിൻ-
ചുമരുകളിൽത്വരിതം ദിനാധിനാഥൻ
ലസദരുണകരങ്ങൾകൊണ്ടുമേന്മേ-
ലൊളിചിതറുംപടിചായമിട്ടിടുന്നു.

12 പ്രകൃതിയിതുവിധം പ്രഹൃഷ്ടമുൾക്കൊൾ-
വതുപരമാരുടെയോസമാഗമത്തിൽ
നിഖിലജനനിഷേവ്യയാമുഷസ്സേ!
ഭഗവതി, ഞാൻ പ്രണമിപ്പു നിത്യമമ്മേ!

13 തവഗളതലഭൂവിലക്ഷയശ്രീ-
യൊടുവിലസും പുതുകാഞ്ചനപ്പതക്കം
അടിതൊഴുമടിയന്റെ മാനസത്തിൽ
പെടുമിരുളൊക്കെയുടൻ കളഞ്ഞീടട്ടെ.

14 അഖിലരിലുമഭേദബുദ്ധിയോടൊ-
ത്തനുപമരാഗമെഴും മഹാമഹസ്സേ!
തവചരമപവിത്രചിത്രവർണ്ണാം-
ബരമെവനെങ്ങിനെ കണ്ടുതൃപ്തിയാകും!

15 ഒരുചെറുകൃമിതൊട്ടുരാജരാജൻ
വരെയമരുന്നവരെപ്പുലർത്തുവാനായ്
അനുദിനമുദയം തുടങ്ങുമങ്ങെ-
യ്ക്കൊഴികെനമിക്കുവതാർക്കു വിശ്വവന്ദ്യ!

# 9. ലീല.

(മാകന്ദമഞ്ജരി)

കൈവന്നു തങ്ങൾക്കു കാമ്യപദമെന്നു
പാവനശ്രീലസൽപാദസ്സരം
സഞ്ചിതാനന്ദം ചെഞ്ചേവടിത്താർകളിൽ
പുഞ്ചിരിപൂണ്ടുകൊണ്ടുല്ലസിച്ചും,
ലാവണ്യപാഥോധി തൻതിരത്തള്ളലിൻ
ഭാവവിലാസങ്ങൾ കാട്ടിക്കാട്ടി,
ചട്ടററ കാന്തികളിക്കുന്ന പച്ചപ്പൂ-
മ്പട്ടണിപ്പാവാടയൊട്ടഴിഞ്ഞും,
ജാക്കററുതന്നെയും തള്ളിപ്പൊളിക്കുവാ-
നൂക്കററയരുമപ്പോർക്കുചങ്ങൾ
"എന്തിനുനീ"യെന്നു നന്ദുത്തു മാല്യത്തെ
യന്തികയററിയൂഞ്ഞാലാടിച്ചും,
കാളിന്ദിതന്നുടെയോളക്കളികാട്ടും
കാളിമകാളിന കാർകുന്തളം
കെട്ടഴിഞ്ഞൊട്ടിളകീട്ടും നിതംബത്തിൽ
തട്ടിത്തിളങ്ങിക്കളിയാടിയും,
പൊന്മണി കങ്കണ ക്വാണമുയരുമാ-
മമ്മഞ്ജുകൈത്തലം കൊണ്ടുമേന്മേൽ
പന്തടിച്ചീടവേ, കണ്ടില്ല ലീലത-
ന്നന്തികമെത്തിയ കാമുകനെ.
എന്നെയും കൂടിക്കളിക്കുവാൻ ചേർക്കുമോ?
എന്നുള്ള കാമുകവാക്യംകേൾക്കേ,
ചെന്തളിർക്കൈകൊണ്ടടിയേല്ക്കാൻ പിന്നെയും
പൊന്നുമപ്പന്തിനെ വിട്ടുടനെ,

PRESENTED BY:
SRI M. K. VASUDEVAN NAIR
MANJYAKA VEEDU
MALAYINKIL

പിൻതിരിഞ്ഞുള്ളം നിറഞ്ഞുള്ള രാഗത്തിൻ
കാന്തിപുറമെ തെളിയുംപോലെ,
പൊൻപനീർപ്പൂവൊളിപ്പൂങ്കവിൾത്തൻതുടു-
പ്പമ്പിൽവളർന്നുള്ള വക്ത്രം താഴ്ത്തി,
നിന്നാളത്തന്വിയാൾ, പൊട്ടിപ്പുറപ്പെടും
മന്ദസ്മിതപ്പുതുപ്പാല്ക്കടലിൽ
ആറാടാനാശിച്ച കാന്തൻ നിരാശയാം
വാരാശിതന്നിൽ നിമഗ്നനാകെ.
നാനാവികാര പരിഭ്രതാന്തരംഗൻ
മൌനത്തെബ്ഭഞ്ജിച്ചാൻ ബാലൻ പിന്നെ:—
"ജീവിതസർവ്വസ്വ—അയ്യയ്യോ!" മാപ്പരുൾ
കീവേലക്കാരൻ ചെറുക്കനോയ്യേ:
വെക്കംപോയ് കാപ്പിതിളപ്പിച്ചുകൊണ്ടുവാ
നില്ലാതെന്നാജ്ഞയരുളുക മേ
വാലിയക്കാരനെക്കാണുമ്പോളിങ്ങിനെ
നീ ലജ്ജിച്ചെന്തിനു നിൽപൂ ദേവി!
ഞാനൊരു ദാസിതൻ പുത്രനത്രേ, നീയോ
മാനമെഴും പ്രഭുപുത്രിയാളും;
പെററപ്പോൾ തന്നെ കഴിഞ്ഞു രമേശൻെറ
കററക്കിടാ,വപ്പോളീയിവനെ-
ഭൃത്യതൻപുത്രനെ—പ്പോററിയതാണത്രെ
സത്യംഞാനിന്നേ ഗ്രഹിച്ചതുള്ളു.
അപ്രഭുതൻെറ മുതലിന്നവകാശ-
മല്പവുമില്ലിവനോർക്കണം നീ.
കോകിലക്കൂട്ടിൽ വളർന്നാകിൽ കിട്ടുമോ
കാകക്കിടാവിനു കമ്രനാദം?
രാജകുമാരന്മാർ കൂടിക്കൊതിച്ചിടും

രാജീവലോചനേ! നിൻപ്രണയം
വാലിയക്കാരിതാൻ പെററുള്ളപൈതലാം
ബാലനിൻ നിന്നു നീ പിൻവലിക്കു.
മാനിനിമാർമണേ! ദാസിതൻ സൂനുവാം
ഞാനിനിനിൻപ്രണയാർഹനല്ല.
കാക്കപ്പൊൻകൊണ്ടാണോ കെട്ടുകവേണ്ടത-
ശ്രീക്ഷ്വിളഭൂവാം പത്മരാഗം?
താനേവിടരുമിത്തൂമലരിൻതെളി-
ത്തേനേതുമാസ്വാദിച്ചില്ലിബ് ഭൃംഗം
രാജഹംസോചിതമാകുമിപ്പൊന്മലർ
വ്യാജമായ് ചെന്നു മുകരുകയോ?
ഭൃത്യതൻപുത്രനാണെന്നല്ല, ഞാനിതി-
ലത്യുഗ്രവഞ്ചകൻ കൂടിയായി.
എന്മനമെൻെറയല്ലെൻപ്രാണനെൻെറയ-
ല്ലെന്നാത്മാവെൻെറയല്ലില്ലൊന്നുംമേ
എന്തിനു ഞാൻ''—പിന്നെയോതുവാൻ നാക്കേതും
പൊന്താതെനിന്നാൻ തരുണനവൻ
മുന്നമാലജ്ജവന്നാഴ്ത്തിയ വക്ക്രത്തെ
യുന്നമിപ്പിച്ചാളാലീലവേഗം
നീണ്ടുവിടന്നുള്ള കണ്ണുകൾ രണ്ടിലു-
മാണ്ടുള്ള നാനാ വികാരത്തോടും
ഓതിത്തുടങ്ങിനാൾ:—''ഹാ! കഷ്ടം! മീവണ്ണ-
മോതൊല്ല മൽപ്രേമൈകാധാരമേ!
ഭൃത്യതൻ പുത്രനോ വൃത്രാരിപുത്രനോ
ചിത്തമണഞ്ഞ തബ്ബാലങ്കൽമേ.
ഭൃത്യനാണെങ്കിലോ ഞാനൊരുഭൃത്യയും
പൃഥ്വീശനെങ്കിലോ രാജ്ഞിയാളും

മാമകപ്രേമസാമ്രാജ്യം വാഴുന്നൊരു
ഭൂമണ്ഡലേശ്വരനങ്ങുതന്നെ.
ആരമേശൻെറ മുതലവകാശിയി-
ലാ രക്തയായില്ല ലീലപണ്ടേ
കല്ലിൽകണക്കെൻെറയുള്ളിൽപതിഞ്ഞുള്ളൊ-
രല്ലിത്താർബാണനെൻ കാന്തൻ ബാലൻ.
ലീലയെത്തെററിദ്ധരിച്ചല്ലോ തൽപ്രിയൻ
മാലതേ മാനസത്തിങ്കലുള്ള.
'ആരുടെ പുത്രനാ,ണെത്രമുതലുണ്ടി-
ന്നാരെല്ലാം വന്നു ബഹുമാനിക്കും?
എന്നൊന്നും നോക്കുകയില്ലല്ലൊ സൽപ്രേമ-
മെന്നെന്നും നില്ക്കുമതേകമട്ടിൽ.
സന്താപം സന്തോഷമാക്കിച്ചമപ്പതും
അന്തകനെക്കൂടിവെല്ലുന്നതും,
ചെന്തീയിൻജ്വാലയെ ചെന്താരിൻമൊട്ടാക്കി-
ച്ചന്തത്തിലേന്തിയണിയുന്നതും,
വൻകടലററക്കുഴയാക്കിടുന്നതും,
മൺകട്ട പൊൻകട്ടയാക്കുന്നതും,
പ്രേമമാണായതിന്നാജ്ഞയ്ക്കധീനർതാ-
നീ മഹിയിങ്കൽ മഹാശയരും.
അമ്മഹാശക്തിതാൻ പാലിച്ചുവാഴ്കവേ
നമ്മളെയെന്തൊന്നു വേർതിരിക്കും?
എന്തിനു വല്ലതും ചൊല്ലുന്നു? നാഥനെ-
ന്നന്തരംഗത്തെപ്പരീക്ഷിക്കയോ?
ശ്വാസംനിറുത്തിനാളപ്പോളങ്ങുണ്ടായി
ഭാസുരപ്രേമത്തിൻ ദീപ്തിയെങ്ങും.

9374

# 10. ഒരു വിലാപം

1 മൃതിപെട്ടിതു ഹന്ത! സാഹിതീ–
പതി,യപ്പൻ നൃവരൻ മഹാമതി;
ദ്യുതിയേറിടുമാറു കേരള–
ക്ഷിതി തൊട്ടുള്ളൊരു പൊട്ടു മാഞ്ഞുപോയ്.

2 ഇരുപുത്രർ—നിനച്ചിടുമ്പൊളു–
ള്ളരുകുന്നു; വിധിയാർക്കു നീക്കിടാം?
വിരുതേറുമവർക്കടുത്തു പെ–
ന്നരുളാമെന്നു ഗമിച്ചിതോ ഭവാൻ?

3 സുതരാമറിവുണ്ടിവർക്കുതേ
സുതവാത്സല്യമ,തിങ്ങു ഞങ്ങളും
സുതനുപ്രിയ, പുത്രി, പുത്രനും
സുതമോബാധയിലാണ്ടതില്ലയോ?

4 പക ദുർവ്വിധി ചെയ്തതത്രയും
വകവെയ്ക്കാതെയിതേവരെയ്ക്കുമേ
മികവോടിവരൊത്തുവാണു, മേൽ
പുകളാർന്നസ്സുതയോഗമോർക്കയോ?

5 കരുണാംബുധിയിങ്ങു പാരിതിൽ
പെരുകും ഘോരവിപത്തു കാൺകയാൽ
അരുതിങ്ങു വസിപ്പതെന്നതോ–
ർത്തുരുകും ഞങ്ങളെ വിട്ടുപോയിതോ?

6 ഇഹ ശാസ്ത്രവിദഗ്ദ്ധരാം ജനം
ദഹനന്നുണകൊടുക്കുമൊക്കെയും;
സഹതാപമൊരുത്തനില്ല, ദു–
സ്സഹമിക്കാഴ്ചയശക്യമെന്നതോ?

7 മുതലും ഗുണവും നശിച്ചുപോം
ഹിതമോതാൻ മുതിരില്ലൊരുത്തനും
ഗതധർമ്മഭയങ്കരാഹവാ–
ഹതമിബ്ഭുവിനിവേണ്ടയെന്നതോ?

8 മലയാണ്മ മറഞ്ഞു ശീമയായ്
നിലകൊണ്ടേശ്ശുമിതിപ്രതപ്തമായ്
വിലവിററു ഭുജിപ്പതിന്നുമ–
ന്നുലകം ഹന്ത! വെടിഞ്ഞതോ ഭവാൻ?

9 തവ ജീവനിലും പ്രിയം പെട്ട–
ന്നവളാം കൈരളി ഹൈണിയാൽ ദ്രുതം
അവശപ്പെട്ടു,മസ്വാതന്ത്ര്യയാ–
മവളെക്കാണുകവയ്യയെന്നതോ?

10 ചിലക്കൂട്ടരതിൻസഹായമോ–
ടലമുത്സാഹമെടുത്തിമിപ്പൊഴും
നിലപോലെ വിലക്കിടുന്നതിൽ
ഫലമില്ലെന്നതു കണ്ടൊഴിഞ്ഞിതോ?

11 ഉലകിൽ പല ഭാഷയിങ്കലും
നലമാളും പല നാട്യരീതിയും
അലമുണ്ട്; അവയും വിളങ്ങണം
മലയാളത്തി,ലിതല്ലിതേ മതം?

12 നരർതൻ പ്രതിഭാവിലാസവും
വരസംസ്കാരഗുണപ്രഭാവവും
പരമോതുമുദാരസാഹിതീ–
നിരവദ്യസ്ഥിതി കാത്തവൻ ഭവാൻ.

13 ഭുവി ജീവിതരീതി ദേശദി-
ഗ്വിവിധാചാരവിചാരമെന്നിയേ
അവിടുന്നു ചരിച്ചതില്ല തെ-
ല്ലവികല്പം മലയാണ്മയിൽ പ്രഭോ!

14 ഉരപൊങ്ങിന കോടിലിംഗഭൂ-
വരർ, കോയിക്ഷിതിനാഥർ തൊട്ടവർ
സരസം നിവസിച്ചിട്ടുന്നോർ-
സ്സുരനാടേ സുഖമെന്നു തോന്നിയോ?

15 തടവററ വചോവിലാസവും
സ്ഫുടപാണ്ഡിത്യവു,മുററുംഗുണങ്ങളും
തടവുന്നവരൊത്തുവാഴവാ-
നുടലും കൈവെടിയാ,മതാകുമോ?

16 സുരഭൂസുഖമേററ സാഹിതീ-
സുരഭിക്ഷോണിയിൽ നായകൻ ഭവാൻ
സരസേന സുഹൃജ്ജനങ്ങളിൽ
പരമാഹ്ലാദമുതിക്കയല്ലയോ?

17 ദിവമാളിന മക്കളായ് കുറെ-
ദ്ദിവസം വാഴ്കിലൊരിക്കലെങ്കിലും
ഭുവനത്തിലിഹാഗമിക്കുമോ
വിവശന്മാരിവരാശ്വസിക്കുവാൻ?

18 തനയൻ തവ കൃഷ്ണസംജ്ഞനും
വിനയംകൊണ്ടു കൃശാംഗി പത്നിയും
പുനരാത്മജയും കിടാങ്ങളും
മനതാർ വെന്തുരുകിക്കഴിക്കയാം.

19 സമഭാവന് ഭുവിലേവനും
സമമുണ്ടാകണമെന്നധീശ്വരൻ
സമരക്രിയ തീർത്തി,തായതിൽ
സമഹൃത്താമവിടേയ്ക്കുനിഷ്ടമോ?

20 വളരുന്നൊരധർമ്മവൈഭവം
വിളയുമ്പോളതു കൊയ്തൊടുക്കുവാൻ
ഇളയിൽ ചിലകാലമീശനി-
ങ്ങുളവാക്കും രണം; ഇല്ലയോ നൃപ!

21 ക്ഷമ ദുർജ്ജനഭാരമേററു സം-
ഭ്രമമാൾക്കൊണ്ടരുളും വചസ്സുകൾ
രമണൻ ഹരി കേൾക്കയില്ലയോ?
സമരം തൽഫലമല്ലി ഭൂപതേ!

22 തടവററു കടന്നു കൈരളീ-
നടനത്തട്ടിലണഞ്ഞശിക്ഷിതർ
തുടരുന്നൊരു തുള്ളൽ നിർത്തുവാ-
നടയോനാരവിടുന്നൊഴിഞ്ഞഹോ!

23 മികവുററ പഠി,പ്പുദാരധീ,
തികയും വാസന, ഭാഷയിൽ പ്രിയം,
അകലാതിവയൊത്ത കൂട്ടർ നൽ-
പ്പുകൾനേടീ തവ സൽകൃപാബലാൽ.

24 ക്ഷിതിവിട്ട സുഹൃജ്ജനങ്ങളാം
കൃതികൾക്കുത്രിദിവം സ്ഥിരം ദൃഢം;
ഗതി മൂപ്പിനുശേഷമാകിലും
മതി,യെന്നാൽ കൃതകൃത്യ കൈരളി.

25 ശ്രുതഭാരതശുദ്ധഭാരതീ-
വിഭവോല്ലാസികളസ്സഹൃജ്ജനം
'രഭസം വരികിങ്ങു ഞങ്ങൾതൻ
സഭയിൽ കൂടുക'യെന്നുരച്ചിതോ?

26 'വെടിയാ സുഹൃദുക്തിയെന്നതീ-
യടിയങ്ങൾക്കറിയാവതെങ്കിലും,
അടി കേവലമാശ്രയിക്കുവോ-
ക്കടിയാം; ആയതു വിസ്മരിക്കയോ?

27 പഴമയ്ക്കിയലും മഹത്വവും
പിഴപററാത്ത നവീനരീതിയും
അഴലററു സമാദരിച്ചു ന-
ല്ലഴകിൽ സൽകൃതിചെയ്തവൻ ഭവാൻ.

28 പ്രിയ കൈരളിയിൽ ജനിച്ചു ത-
ന്മയമായ് സന്തതി ഭൃതരായർ തേ;
സ്വയമസ്സുതരൂപഭംഗിയിൽ
നിയതം ദേവി സദാഭിമാനിനി.

29 പലരത്നവുമൊത്തുകോർത്തു നി-
സ്തുലകാന്തിത്തികവേകുവാൻ ഭവാൻ
മലയാളവധൂഗളത്തിലു-
ജ്ജ്വലമാം മംഗളമാല ചാർത്തിനാൻ.

30 വിരവിൽ പല പൂർവ്വർ പോററിയ-
സ്സരസദ്രാവിഡവാണിതന്നുടെ
വരവൃത്തദശാവിശേഷവും
തരമൊത്തങ്ങു വെളിപ്പെടുത്തിനാൻ.

31 വിലസൽഗ്ഗുണഭദ്രമുദ്രണം,
വിലയാളും വിമലപ്രസാധനം,
ഫലമുള്ള ഗവേഷണം, ഭവാ-
നലമെല്ലാററിലുമുദ്യമിച്ചവൻ.

32 നിയതം തവ ഭൌതികാംഗമ-
ത്യയമേററു, പിണമായി ഭസ്മമായ്;
ലയമററുയിരൊന്നുയർന്നൊര-
സ്സുയശഃകായമതീവ പുഷ്ടമായ്.

33 വിരിവേറിയ നെററി, സാഹിതീ-
സ്ഫുരിതാഹ്ലാദവിലാസിയാനനം,
ഭരിതപ്രതിഭോജ്ജ്വലാക്ഷി, സ്വ-
ച്ചരിതക്കൊക്കമുയർന്ന നാസിക,

34 പുരുസൌഹൃദഗൌരവങ്ങളാം തൻ
പെരുമാററം കളിയാട്ടമുക്തികൾ
പുരുഷോത്തമനാ മഹാൻ മഹീ-
പുരുഹൂതൻ ഹൃദി വാഴ്‌വു മേ സദാ. (യുഗ്മകം)

35 അലമോതുക ഭോ! ഭവൽഗ്ഗുണം
മലയാളത്തിനു ചെയ്ത നന്മയും;
ഫലമെന്തുരചെയ്തിലൊക്കെ, നീ-
യലസം വാഴ്കയെൻെറ തൂലികേ!

GRANDHASALA

# 11. ഐക്യകേരളഗാനം

(കാകളി)

I

വന്നാലുമേവരും വന്നാലുമേവരു-
മൊന്നായ കേരളഭൂവിതിൽ വാഴ്ക നാം.

എന്തു പുരാകൃതദുഷ്കൃതശക്തിയോ!
ഹന്ത! നമ്മൾക്കമ്മ തന്നൊരു വീടിനെ
രണ്ടുമൂന്നായിട്ടു ഭാഗിച്ചു സോദര-
രിണ്ടൽപൂണ്ടങ്ങിങ്ങു വാഴൊലാ മേലിൽ നാം.

ഭാർഗ്ഗവമാമുനിയ്ക്കബ്ധിനാഥനതി-
ശ്ലാഘ്യോപഹാരമായ് നല്കിയ പൊന്മണി,
വാരാശിതന്നുടെയോമനപ്പുത്രി, യ-
ത്താരാർമകൾക്കു കനിഷ്ഠസഹോദരി,
ധന്യയായെന്നും പിരിയാതെ മേവിടും
കന്യാകുമാരീശ്വരിയ്ക്കുള്ള നൽസഖി,
കാവൽപോൽ മേവുന്ന ഗോകർണ്ണനാഥനാം
ദേവന്റെ മേൽനോട്ടമേല്ക്കും കുശലിനി,
തെക്കുള്ള കൈലാസമാകും ശിവപുരി
പുക്കു കുടികൊള്ളുമമ്മഹാദേവനെ
ഉൾത്തടത്തിങ്കലുറപ്പിച്ചു വാണിടു-
മുത്തമഭക്തയായുള്ള സുകൃതിനി,
ജാതിമതഭേദമെന്നിയേ മക്കൾക്കു
നീതിയിൽ ഭൂതിയരുളും സുചരിത,
നന്മലയാളമാമിമ്മഹി നമ്മൾത-
ന്നമ്മ, നാമെത്രയോ ഭാഗ്യം തികഞ്ഞവർ!

അമ്മയ്ക്കു മേന്മകളെത്രയുണ്ടെങ്കിലും
തന്മക്കൾതന്നുടെ സൌഭ്രാത്രമല്ലയോ
സർവ്വപ്രധാനമായുള്ളൊരു മേന്മ, നാം
നിർവ്വിശങ്കമതിൽ ബാദ്ധ്യസ്ഥരല്ലയോ?

വന്നാലുമേവരും വന്നാലുമേവരു-
മൊന്നായ കേരളഭൂവിതിൽ വാഴ്ക നാം.

ആത്മജാവാത്സല്യമോളംതുള്ളമ്പിട്ട-
മംബുധി കൊഞ്ചിയും പുഞ്ചിരിക്കൊണ്ടുമേ
കാൽപിടിച്ചങ്ങു കുലുക്കിക്കളിപ്പിപ്പൂ
മാൽപററിടാതംബ, നിന്നെയിടയ്ക്കിടെ.
വെൺനുരയാലുള്ള വെള്ളഞെറികളെ
തുന്നിപ്പിടിപ്പിച്ച പൂന്തുകിൽത്തുമ്പിനാൽ
അമ്മ നിൻ ചേവടിത്താരിൽ പെട്ടം ചെളി
മേന്മേൽ തുടച്ചുമതൃപ്ത പയോനിധി.
പൊക്കത്തിൽ നീളവേ നില്ക്കും വിടപിക-
ളൊക്കുന്ന സഹ്യാദ്രിതുംഗശൃംഗങ്ങൾതേ
അംഗസംരക്ഷകന്മാരായ് മരുവുന്നു
മംഗളദാത്രി, മഹാരാജ്ഞിതന്നെ നീ.

സൌഭാഗ്യമെത്രയുണ്ടെങ്കിലും മക്കൾതൻ
സൌഭ്രാത്രമേ ഭാഗ്യമമ്മയ്ക്കു നിശ്ചയം.
വേർതിരിഞ്ഞങ്ങിങ്ങു വാഴൊലാ മേലിൽ നാം
ഭൂതിപ്രദം നമുക്കേകമാതൃഗൃഹം.
വന്നാലുമേവരും വന്നാലുമേവരു-
മൊന്നായ കേരളഭൂവിതിൽ വാഴ്ക നാം.

## II

അമ്മതൻ വന്മലയാകുന്ന നന്മുല-
തന്മക്കളിൽപെട്ടും വാത്സല്യവായ്പിനാൽ
മേന്മേൽ ചുരന്നൊഴുകീടുന്നതല്ലയോ
നമ്മൾ നദികളായ് കാണുന്നതിങ്ങിനെ;
അമ്മുലപ്പാൽ നമ്മൾ നായ്ക്കളെപ്പോലവേ
തമ്മിൽകടിപിടികൂടിക്കുടിക്കുകിൽ
അമ്മയ്ക്കുതു മനോവേദനയല്ലയോ
നന്മക്കളോ നിലയമ്മയ്ക്കു നല്ലതോ?
പൂക്കളും കായ്കളുമാം ചിത്രവേലക-
ളാക്കമൊന്നൊത്തുള്ള സസ്യലതാദിയാൽ
നല്ലുടുടയാട ചാർത്തിസ്സവിത്രിയാം
കർപ്പൂരനീരല്ലി വീഴ്ത്തുന്നു കൺകളിൽ!
ആയതിലങ്ങിങ്ങിടയ്ക്കു സരിൽക്കല-
മായ തൂവെള്ളിക്കസവുകരം കാണവേ
'ഇപ്പുറമെന്നുടെ,യപ്പുറം നിന്നുടെ'
കെല്പിൽ പറഞ്ഞുപിടികൂടിയങ്ങിനെ
കീറിപ്പൊളിച്ചു ഭാഗിപ്പതു യുക്തമോ?
കൂറാളുമമ്മയ്ക്കുതു സുഖമാകുമോ?
വന്നാലുമേവരും വന്നാലുമേവരു-
മൊന്നായ കേരളഭൂവിതിൽ വാഴ്ക നാം.

പുത്രരിതേവിധം ഭിന്നിച്ചുവാഴ്വതി-
ലത്തൽപൂണ്ടമ്മയെക്കാൺകയാൽതന്നെയോ
ഹൃത്തടനായകൻ ഗോശ്രീമഹീശ്വര-
'നൊത്തൊരുമിച്ചു വസിക്ക നാമിങ്ങിനെ
പ്രഖ്യാപനംചെയ്തരുളിമഹാശയൻ
പ്രഖ്യാതി പാരിതിലെങ്ങും പരക്കവെ.

കേരളമേകമായ് തീക്കുവാനുള്ളൊരു
ധീരതഎത്തട്ടിനുണ്ടെന്നറിഞ്ഞു താൻ
കേരളവമ്മയെന്നുള്ളതിരുസംജ്ഞ
നേരായവിടേയ്ക്കു നല്കി ജഗൽപ്രഭു.
എന്തൊരുരാജ്യാഭ്യുദയാഭിലാഷമി,
തെന്തൊരുദാരപ്രജാക്ഷേമകാംക്ഷിതം
എന്തുമഹാത്യാഗ, മെന്തുസമഭാവ–
മെന്തുവിശാലമനസ്കത ധീരത!
തൽപ്രജയാകുവാൻ ഭാഗ്യമുണ്ടാകയാ–
ലിപ്പാവവും ധന്യധന്യനായ് ഭൂപതേ!
തച്ചരിതത്തെസ്മരിക്കുകിലേതവ–
നിച്ഛൊരുകേരളമൊന്നെന്നു കണ്ടിടാ?
കേളപ്പനാദിയാം ത്യാഗികൾ മുമ്പുതാൻ
കേരളൈക്യത്തിനായ് യത്നിച്ച വാഴ്‌വവർ–
വന്നാലു മേവരും വന്നാലുമേവരു–
മൊന്നായ കേരളഭൂവിതിൽ വാഴ്ക നാം.

## III

കൊച്ചായകൊച്ചിയും വാച്ചോരു വഞ്ചിയും
പാശ്ചാത്യർ തന്റെ മലബാറുമിങ്ങനെ
മൂന്നുവിഭാഗങ്ങൾ വേണ്ടാ നമുക്കിനി–
യൊന്നേ മതിയൊന്നു നമ്മൾതൻകേരളം
മാനമാണേകത്വധർമ്മപരത്വ
ഹാ! നൽപ്രതാപ പ്രസക്തിമറേറപ്പുറം
നമ്മൾക്കിതൊക്കെയുമെല്ലാടവും വേണ–
മുണ്മയിൽ ഭ്രാതാക്കളല്ലിനാമേവരും?

ഭാഷയൊന്നായനാമിങ്ങനെ നല്ലൊരു
ഭാഷയല്ലാത്തമട്ടായ് വസിക്കാവതോ?
ഏകമാംരീതിയിലുള്ള വിദ്യാഭ്യാസ-
മേകമാംരീതിയിലുള്ള ഗതാഗതം,
ഏകമാം സാഹിത്യ മേകമാം സംസ്കാര,-
മേകപരിഷ്കാരമേകനീതിക്രമം,
ഏകമാം രീതിയിൽ ദേശാനുസാരമാ-
യേകഭരണത്തിലാകണംനാമിനി.
വന്നാലുമേവരും വന്നാലുമേവരു-
മൊന്നായകേരളഭൂവിതിൽ വാഴ്കനാം.
ജാതിമതങ്ങളും ദേശഭേദങ്ങളു-
മേതുമേ ചിന്തിയാതൊത്തൊരുമിച്ചുനാം
കയ്യോടുകയ്യണച്ചുല്ലാസമൂഠംക്കൊണ്ടൊ-
രയ്യായിരംപേർകഠം ചേർന്നുനിന്നങ്ങിനെ
ഇഷ്ടപ്രദനായ ഗോകർണ്ണദേവനെ-
പ്പുഷ്ടഭക്ത്യാതൊഴുതൈക്യമഹിമകഠം
പാടിയുംകൊണ്ടു 'കുമാരി'യെ നോക്കി ന-
ന്മോടിയിൽ യാത്രയാരംഭിക്കുകിപ്പോഴേ
കേരളം കേരളമല്ലെങ്കിലായതിൻ
വേറൊരുപേരാം മലയാളമിങ്ങിനെ
അല്ലാതെ മററൊരു നാമമോതീടൊലാ
ചൊല്ലുഴും നമ്മുടെ നാട്ടിനു കൂട്ടരെ!
മാതാവുതന്നുടെ സമ്പത്തു മക്കഠംക്കു
നീതിയിലൊപ്പമവകാശമുള്ളതാം
ഇങ്ങുള്ളതങ്ങോട്ടുമങ്ങുള്ളതിങ്ങോട്ടു
മെങ്ങുമേ കോട്ടംവരാതുള്ള മാതിരി

കൈമാറിനമ്മളൊരുമയോടും പൊതു-
ക്ഷേമാഭിലാഷികളായ്‌വസിച്ചീടണം
അമ്മയനുഗ്രഹിക്കുന്നാകിൽ മേൽക്കുമേൽ
നന്മയേ നമ്മൾക്കു വന്നുകൂടൂ ദൃഢം.

ഒന്നിനുമാൎക്കുമേ കോട്ടംവരികയി-
ല്ലെന്നു മൈക്യത്തോടും വാഴുന്നുവെങ്കിൽനാം
നാകലോകത്തിനെക്കാളും ഗുരുതര-
ശ്രീകലൎന്നുള്ളൊരു നാടല്ലിനമ്മുടെ?

ഭൂവായതട്ടിലിക്കേരളത്തെയുമ-
ദ്യോവായതട്ടിലാ നാകലോകത്തെയും
വെച്ചുരണ്ടിൻെറയും തൂക്കമറിയുവാ-
നിച്ഛിച്ചുവേധാവുനോക്കിനില്ക്കുംവിധൌ

ആഴിവരെത്തുമേ താണിതുഭൂതലം.
പാഴിൽപതിർപോലെ പൊങ്ങിയാവിണ്ടലം.
സ്വാരാജ്യഗൌരവം കൂടിക്കുറയ്ക്കുന്നു
കേരളംനമ്മുടെ ജന്മഭൂമണ്ഡലം.

ഇങ്ങിനെ ജന്മഭൂമാഹാത്മ്യമോതിയും
പൊങ്ങിടുമൈക്യഗുണങ്ങളെപ്പാടിയും
പോകമുന്നോട്ടുനാം പോകമുന്നോട്ടുനാം
ശ്രീകുമാരീശ്വരീ ദൎശനമാംവരെ.

വന്നാലുമേവരും വന്നാലുമേവരു-
മൊന്നായകേരളഭൂവിതിൽ വാഴ്കനാം.

# 12. അജിതൻ.

1 സാധിക്കുമോ പരിണയം? സ്വജനങ്ങൾ തീരെ
രോധിക്കുമോ? സുദതി സുസ്ഥിരരാഗയല്ലേ?
ബാധിച്ചുയർന്നപലവൻതിരമാലഖണ്ഡി-
ച്ചാധിക്കടൽക്കരകടന്നു നടന്നു കാര്യം

2 നാലഞ്ചുവർഷമജിതന്നഥ വാസരങ്ങൾ
പോലങ്ങുപോയ്; തനയരായിരുപേർമനോജ്ഞർ;
നീലത്തഴക്കുഴലി മാധവിയാൾക്കുതന്റെ
മേലത്രമാത്രമൊരനാസ്ഥ ഭവിച്ചിതെന്തോ!

3 അമ്മാധവീ മധുരമന്ത്രജപൈകതാന-
നമ്മാനവൻ പ്രണയിനിക്കു സുഖത്തിനായി
തൻമാറുകീറിയുമമൂല്യസുരക്തവസ്തു
സമ്മാനമേകും, മറ്റു സർവ്വമവൾക്കുതുച്ഛം.

4 പ്രാണപ്രിയന്റെ മതിയും സ്ഥിതിയും നിനയ്ക്കാം;
ബാണങ്ങൾതൂകുമവൾ ദുസ്സഹഘോരവാക്കാൽ;
ആണത്തമററുമജിതൻ ചില നാൾപൊറുത്തി-
തേണംതൊഴുന്നമിഴിതൻ ചപലസ്വഭാവം.

5 ഹൃത്തിന്നകത്തു നിവസിച്ചതിനുള്ള നാഥ
കുത്തിപ്പിളക്കുമതിവൻ കരുതീലതെല്ലും?
തത്തിത്തിളങ്ങുമൊരു വൈരമകത്തണച്ചാൽ
എത്തിച്ചിടുന്നിതതു മർത്ത്യനു ജീവനാശം.

6 തങ്കത്തിനാലഴകൊടും വിരചിച്ച ചെപ്പിൽ
പങ്കത്തെയും വിധിനിറയ്ക്കും, മതോർത്തിടാതെ
വങ്കൻസ്വജീവിത മഹാധനമത്തരം ചെ-
പ്പിങ്കൽഭ്രമത്തൊടുമണച്ചു നശിച്ചിടുന്നു.

7 മാറിങ്കൽ മിന്നി വിലസീടിന മുത്തുമാല
മാറിക്കരാളഗരളോഗ്രഭുജംഗമായി
ചീറിക്കടിക്കുമൊരു നിന്നുടെ യിന്ദ്രജാലം
വേറിട്ടൊരാൾക്കുമിഹകാട്ടരുതെൻജഗത്തേ;

8 കോപംവെടിഞ്ഞു ചടുലേക്ഷണമാർക്കെഴുന്ന
ചാപല്യമിപ്പുരുഷർ തന്നെ പൊറുത്തിടേണം;
ആപൽഭയം പെരുതുയർന്നു മനുഷ്യർ ചിത്ത–
താപം വളർത്തിടരുതെന്നു പറഞ്ഞുകേൾപ്പൂ.

9 ദേവത്വമേകുമമൃത,ല്ലനുരാഗമെന്നു
ള്ളാവൻപയോധിയെ മഥിയ്ക്കേലഭിച്ചിടുന്നു;
കൈവന്നിടുന്നു ചിലപോതു ചിലർക്കു കഷ്ടം!
ജീവപ്രണാശകരഭീകരകാളകൂടം.

10 പ്രാണാധിനാഥയുടെ സുസ്ഥിരാഗമെന്ന
ചേണാളുമായുധമെനിക്കു ലഭിച്ചിരുന്നാൽ
ആണായൊരെന്നജിതസംജ്ഞയിതർത്ഥവത്തായ്
നീണാളഹോ ഭുവിലസിച്ചിടുമായിരുന്നു

11 ‘ഹാ! രാത്രിപോയ്, പകലണഞ്ഞിതു, കൃത്യമെല്ലാം
നേരായി നോക്കിടുക’യെന്നുരചെയ്‌വു ലോകം;
ഘോരാന്ധകാരഭരമെപ്പൊഴുമേറെയേറെ–
യാരാൽ ചുഴന്നിടുമിവൻ പകൽ കാണുമെന്നോ?

12 ദാമ്പത്യമേ മധുരമെന്നു സഖാക്കൾ മേന്മേൽ
താൻപാടിടുന്നതവരിൽ ശരിയായിരിക്കാം;
ഞാൻ പാർത്തറിഞ്ഞതിലതിങ്ങൊരുവന്റെ ജന്മം
താൻപാഴിലാകുവതിനും മതിയായിടുന്നു.

13 ആനന്ദമാനമഹിമാദിസുഖങ്ങളിങ്ങ-
ന്നൂനംഗൃഹസ്ഥന്നു വളപ്പതു ധർമ്മപത്നി;
ജ്ഞാനംമഹത്തരമവർക്കരുളാതിരുന്നാൽ
നൂനം ജഗത്തിതൊരു വൻനരകപ്രമാണം

14 മാലാർന്നിവണ്ണമിഹവാഴ്വതെന്തിനീഞാൻ
ലോലാക്ഷിയെൻപ്രണയഭാജനമേവമായാൽ?
ചേലാളുമെൻതനയരാൽ സുദൃഢപ്രബദ്ധം
മാലാമതല്ലികയിതെങ്ങിനെ ഞാൻമുറിക്കും?

15 പോകട്ടെയിങ്ങിനെകുറച്ചിട നീറിനീറി-
ശ്ശോകക്കൊടുംദഹനനെന്നെ ദഹിച്ചിടട്ടെ;
വാകപ്രസൂനതനു മാമകജീവനാഥ
ലോകത്തിലേതുമഴലിൻനിഴൽ കണ്ടിടൊല്ലേ.

## 13. ഏകാന്ത ചിന്തകൾ.

1 'ഇതേവരെസ്സ്വാക്കവിതാന്തതാംഗി-
യൊന്നിച്ചുമേളിക്കുകയല്ലിചെയ്തൂ?'
എന്നെന്നൊടാ നിദ്ര പിണങ്ങിനില്പായ്;
ആലാക്കിലോ ചിന്തയടുത്തുകൂടി.

2 "പാരിങ്കലെങ്ങോട്ടുതിരിഞ്ഞുനോക്കി-
യാലുംകഠോരം കലഹങ്ങൾകാണ്മൂ;
മണ്ണിന്നു, പെണ്ണി,ന്നധികാരശക്തി-
ക്കഹോ! ദുരാശാഗ്രസിതംപ്രപഞ്ചം!

PRESENTED BY:
SRI M. K. VASUDEVAN NAIR
MANGALASSERY VEEDU
MALAYINKIL

3 നിന്മെയ്യിനഞ്ചാറടി മണ്ണിനുള്ളി-
ലൊതുങ്ങിടാത്തത്ര വലിപ്പമുണ്ടോ?
ഹേ! മർത്ത്യ, നീയെന്തിനുപിന്നെ രക്ത-
മൊഴുക്കിമന്നൊക്കെയടക്കിടുന്നു!

4 സൌന്ദര്യമെന്നോതിടുമപ്പുറംപൂ-
ച്ചാർതന്റെ മെയ്യിൽ ചെറുതൊന്നുചെന്നാൽ
സഹോദരന്മാരെ യരാതിമാരായ്
തീർക്കുന്നി, തപ്പെണ്ണിനു പോരടിപ്പിൻ!

5 'ഹാ! രൂപമില്ലാത്ത ജനങ്ങൾതന്റെ
രൂപത്തിലായ് ത്തീരുകതന്നെവേണം!
എന്നോർത്തുവട്ടത്തിലെഴുന്ന രൂപ
ചിരിച്ചുകൊണ്ടാളെ വശീകരിപ്പൂ.

6 യശസ്സപാരം പരിഹാസപൂർവ്വം
ചിരിപ്പതും പ്രേമമൊടെന്നു നണ്ണി
മദിച്ചിടുന്നൂ ചിലരിങ്ങു, കോങ്കൺ-
നോട്ടം കടാക്ഷക്കളിയായ് ഗണിപ്പോർ.

7 കാൽക്കെല്ലിനല്ലർത്ഥനമാനവർക്കു,
കാറേറിയന്തസ്സിൽ നടക്കുവാനാം;
ആരോഗ്യഭാഗ്യങ്ങൾ മനുഷ്യർയന്ത്ര-
ത്തിരിപ്പിലാക്കുന്നൊരു കാലമായി.

8 വിശുദ്ധചിന്തയ്ക്കിടയില്ല, ഹിംസ്ര-
യന്ത്രങ്ങളെക്കണ്ടുപിടിക്കണം പോൽ!
അവയ്ക്കെഴും വണ്ണവുമെണ്ണവും താൻ
പരിഷ്കൃതിക്കുള്ളൊരു മാനദണ്ഡം.

SOM GRANDHASALA
UM
YINKIL

9 ഹാ! ശാസ്ത്രഭാഷാഭ്യസനം പഠിപ്പു,
മഹത്വമോ ഹന്ത! ധനപ്പുളപ്പും,
സ്വധർമ്മനിഷ്ഠോൽഗതമായ ചിത്ത-
സംസ്കാരമോ വേണ്ടിതിന്നൊന്നിനും താൻ!

10 സമുന്നതം ഗൌരവമുഗ്ദ്ധമാവ-
ന്മേടപ്പുറംതാൻ മനുജൻ കൊതിപ്പു;
പ്രയത്നമാഹാത്മ്യ മനോഗുണാദി-
പ്രശാന്തമോമൽക്കുടിലാക്കവേണം!

11 സ്നേഹിക്കുവാൻ തീർത്ത മതങ്ങൾതന്നെ
വൈരത്തിനിപ്പോൾ വഴിയായിടുന്നു;
ധർമ്മച്യുതിച്ചാലുമതിങ്കലിപ്പോ-
ളധർമ്മമൊന്നേ വിളയുള്ളുവെന്നോ?

12 ശരീരശോഭാകരരത്നജാലം
പാതാളമൂലംപുക്കു കുഴിച്ചെടുക്കാം;
ഏതന്തകാന്തിപ്രദതത്വരത്ന-
ഗണത്തെയിന്നാർ വിലവെച്ചിടുന്നു!"

12 ഈമട്ടിലോരോന്നു നിനച്ചു, നേരം
വൃഥാകളഞ്ഞീടുവൊരെന്നെനോക്കി
കാലത്തിനൊക്കാത്തവിചാരമെന്തി-
നെന്നോ? ചിരിച്ചു മമ വെൺകിടക്ക

14 ശ്രീകാന്തസംസ്മരണവിട്ടു വിപത്തിൽ മുങ്ങും
ലോകാന്തരംഗമറിവററുഴലുന്നനേരം
ശോകാന്തമേകിയൊരുണച്ചവരുത്തുവാനെ-
ന്നേകാന്തചിന്തകൾതുണക്കുകിൽ ഞാൻ കൃതാർത്ഥൻ!

9.596

# ഗ്രന്ഥകത്താവിന്റെ മററു കൃതികൾ.

| | | | | | |
|---|---|---|---|---|---|
| 1. | സാഹിത്യവിനോദം | I | 0 | 9 | 0 |
| 2. | ടി | II | 0 | 9 | 0 |
| 3. | ടി | III | 0 | 12 | 0 |
| 4. | ടി | IV | 0 | 12 | 0 |
| 5. | ഭാഷാദീപിക | | 1 | 2 | 0 |
| 6. | ബാലദീപിക | | 0 | 4 | 0 |
| 7. | ഒരു കീത്തനം | | 0 | 2 | 0 |
| 8. | ചരിത്രകഥകൾ | II | 0 | 4 | 0 |
| 9. | ടി | III | 0 | 4 | 0 |
| 10. | വഴിവക്കത്തെ മാവു് | | 0 | 8 | 0 |

(മധുമഞ്ജരി, ഭർത്തൃപരിത്യക്തയായ ശകുന്തള
മുതലായവ അച്ചടിയിൽ )

ആവശ്യപ്പെടേണ്ടും വിലാസം:—

വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ,

P. O. വിയ്യൂർ : A. O. രാമവർമ്മപുരം

(Via) TRICHUR.

# സാഹിത്യവിനോദം

## നാലാം ഭാഗം.

9374
୨ 596

୨ 596

വിദ്വാൻ:
വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.